(23) പെരിന്തൽമണ്ണ നഗരത്തിലെ ശുദ്ധജലക്ഷാമം

ശ്രീ. നാലകത്ത് സൂപ്പി : സർ, പെരിന്തൽമണ്ണ നഗരത്തിലും പരിസര പ്രദേശങ്ങളിലും നേരിട്ടുകൊണ്ടിരിക്കുന്ന അതിരൂക്ഷമായ ശുദ്ധജലക്ഷാമത്തെക്കുറിച്ച് ഇതിനു മുൻപും ഈ സഭയിൽ പറഞ്ഞതാണ്. നിലവിലുള്ള കട്ടപ്പാറ ശുദ്ധജല വിതരണ പദ്ധതി തീരെ അപര്യാപ്തമാണ്. അവിടെ പമ്പ് ഹൗസിലുള്ള ഒരു മോട്ടർ വർക്ക് ചെയ്യുന്നില്ല. അതുപോലെ കുന്നപ്പള്ളിയിലെ റിസർവോയറിൽ ഒരെണ്ണം, ഉപയോഗശൂന്യമായി കിടക്കുകയാണ്. അതിന് ഒരു അഡീഷണൽ സ്കീം ഉണ്ടാക്കുന്നതിനുള്ള പ്രൊപ്പോസൽ നേരത്തേ ഗവൺമെൻറിന്റെ മുമ്പാകെ ഉണ്ടായിരുന്നു. ഇതുവരെ അതിനെ സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല. അതുപോലെ തൊട്ടടുത്ത പഞ്ചായത്തുകളായ കീഴാറ്റൂർ, വെട്ടത്തൂർ, മേലാറ്റൂർ മുതലായ പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സമഗ്ര ശുദ്ധജല വിതരണ പദ്ധതി ഗവൺമെൻറിന്റെ പരിഗണനയിലുണ്ട്. അത് ധൃതഗതിയിൽ നടപ്പാക്കുന്നതിനുവേണ്ട അടിയന്തിര നടപടികളും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വകുപ്പു മറ്റാരെയെങ്കിലും ഏൽപ്പിക്കുന്നതിനു മുൻപായി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി അവിടെ ഉണ്ട്. കട്ടപ്പാറ പംപിംഗ് സ്റ്റേഷനു കേടുണ്ടായിരുന്നു. അത് തീർത്ത് പമ്പ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇതിനുപുറമേ 10 കുഴൽ കിണറുകളും കുഴിച്ചു. 6 കിണറുകളിൽ മോട്ടർ വച്ചും 4 കിണറുകളിൽ ഫാൻഡ് പമ്പ് വച്ചും വെള്ളം വിതരണം ചെയ്യുന്നുണ്ട്. ഇതോടൊപ്പം തന്നെ അവിടേക്കാവശ്യമായ വിപുലമായ തോതിലുള്ള ജലസേചന പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് ഗവൺമെൻറിനു കിട്ടിയിട്ടുണ്ട്. അത് കേന്ദ്രഗവൺമെൻറിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതിയിലുൾപ്പെടുത്തി അടുത്ത സാമ്പത്തിക വർഷം തന്നെ ഏറ്റെടുക്കാൻ ശ്രമിക്കുന്നതാണ്.

(24) പുനലൂർ വെട്ടിപ്പുഴ പാലത്തിന്റേയും മണിയാർ പാലത്തിന്റേയും നിർമ്മാണ പ്രവർത്തനം

ശ്രീ. വി. സുരേന്ദ്രൻ പിള്ള : സർ, ഒന്നിലേറെ തവണ ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ച വളരെ പ്രധാനപ്പെട്ട രണ്ടു പാലത്തിന്റെ കാര്യമാണ് വീണ്ടും ഉന്നയിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് പാലമാണ് പുനലൂർ–വെട്ടിപ്പുഴപ്പാലവും–മണിയാർ പാലവും. ഈ രണ്ടു പാലത്തിന്റെയും പണി ഒരിക്കൽ തുടങ്ങി വച്ചിട്ട് നിറുത്തിയിരിക്കുകയാണ്. വളരെ ജനത്തിരക്കുള്ള പുനലൂർ പട്ടണത്തിന്റെ അടുത്ത് സ്ഥിതി ചെയ്യുന്ന വെട്ടിപ്പുഴപ്പാലം ഒരിക്കൽ പണിതുടങ്ങിയിട്ട് കോൺട്രാക്ടർ ഇട്ടിട്ടുപോയിരിക്കുകയാണ്. ഈ പണി പൂർത്തിയാക്കുന്നതിനാവശ്യമായ കൂടുതൽ സ്ഥലംകൂടി വേണമെന്ന് പി. ഡബ്ല്യു. ഡി. ആവശ്യപ്പെടുകയും അതനുസരിച്ച് ആവശ്യമുള്ള സ്ഥലം ഗവൺമെൻറ് അക്വയർ ചെയ്തിരിക്കുകയുമാണ്. ഇപ്പോൾ പാലത്തിന്റെ പണി മുടങ്ങിയിരിക്കുന്നതു കാരണം വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. എപ്പോഴും അപകടം സംഭവിക്കാവുന്നതുകൊണ്ട് പണി എത്രയും പെട്ടെന്ന് തുടങ്ങണം. അതുപോലെതന്നെ അപകടം ഉണ്ടായിക്കൊണ്ടിരിക്കുന്ന മണിയാർ കേളംകാവ് റൂട്ടിലെ മണിയാർ പാലത്തിന്റെ പണി എത്രയും പെട്ടെന്ന് തുടങ്ങണമെന്നും ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly